നം.1178/ഇ2/2010/കെഎസ്എച്ച്ഒ 04/11/2020

## കുടുംബശ്രീ കരാർ നിയമനം

## വിജ്ഞാപനം – (Code : NRLM AC)

കുടുംബശ്രീ വിവിധ ജില്ലാ മിഷനുകളിൽ ഒഴിവുള്ള എൻ.ആർ.എൽ.എം അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ചുവടെ ചേർക്കുന്ന യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. നിയമനം വാർഷിക കരാർ വ്യവസ്ഥയിലായിരിക്കും.

1. **തസ്തിക** : അക്കൗണ്ടന്റ് (എൻ.ആർ.എൽ.എം)

2. **ഒഴിവ്** : 2

3. **നിയമന രീതി** : കരാർ നിയമനം
(കരാറിൽ ഏർപ്പെടുന്ന ദിവസം മുതൽ 31/03/2020 വരെ)

4. **വിദ്യാഭ്യാസ യോഗ്യത** : ബി.കോം, ഡി.സി.എ, റ്റാലി

5. **പ്രായപരിധി** : 31/10/2020 ന് 40 വയസ്സിൽ കൂടാൻ പാടില്ല

6. **പ്രവൃത്തിപരിചയം** : സർക്കാർ, അർദ്ധ സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ അംഗീകൃത സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ /പ്രോജക്ടുകൾ, കുടുംബശ്രീ എന്നിവയിൽ അക്കൗണ്ടന്റായി 2 വർഷത്തെ പ്രവൃത്തി പരിചയം നിർബന്ധം.

7. **വേതനം** : 30,000 രൂപ പ്രതിമാസം.

8. **ജോലിയുടെ സ്വഭാവം**

കുടുബശ്രീ മുഖാന്തിരം നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതിയായ എൻ.ആർ.എൽ.എം പദ്ധതിയുടെ ഭാഗമായുള്ള സംസ്ഥാന/ജില്ലാ തലത്തിലുള്ള വരവുചെലവു കണക്കുകൾ കൈകാര്യം ചെയ്യുക.

9. **അപേക്ഷ സമർപ്പിക്കേണ്ട രീതി**

   1. അപേക്ഷ നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.
   2. നിയമനം സംബന്ധിച്ച നടപടികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖാന്തരമാണ് നടപ്പിലാക്കുന്നത്.
   3. ഉദ്യോഗാർത്ഥികൾ 500 രൂപ പരീക്ഷാഫീസായി അടയ്ക്കേണ്ടതാണ്.

10. **നിയമനപ്രക്രിയ**

1. സമർപ്പിക്കപ്പെട്ട ബയോഡാറ്റകൾ വിശദമായി പരിശോധിച്ച്, സ്ക്രീനിംഗ് നടത്തി യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതിന് പൂർണ്ണ അധികാരം സി. എം.ഡി.ക്കായിരിക്കും.
2. അപേക്ഷക(ൻ) പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

11. **അപേക്ഷ സമർപ്പിക്കേണ്ട വിലാസം**

**www.cmdkerala.net** **എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.**

12. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി :** 2020 ഡിസംബർ 4, വൈകുന്നേരം 5 മണി

13. **മറ്റു നിബന്ധനകൾ**

1. അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷനുകളിലോ, സംസ്ഥാന മിഷനിലോ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടാതെ, Online- അല്ലാതെ ലഭിക്കുന്ന അപേക്ഷകളും, യഥാസമയം ലഭിക്കാത്ത അപേക്ഷകളും, അംഗീകരിച്ച യോഗ്യതകൾ ഇല്ലാത്തതതുമായ അപേക്ഷകളും പരിഗണിക്കുന്നതല്ല.
2. പരീക്ഷാ ഫീസ് അപേക്ഷയോടൊപ്പം Online- ആയി അടയ്ക്കാവുന്നതാണ്.
3. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന ഉദ്യോഗാർഥി യഥാസമയം ജോലിയിൽ പ്രവേശിക്കാത്ത പക്ഷം, ടി നിയമനം റദ്ദാകുന്നതും, ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമാണ്.
4. റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രസിദ്ധീകരിച്ച തീയതി മുതൽ 1 വർഷമായിരിക്കും.
5. ഒഴിവുകളുടെ എണ്ണത്തിൽ മാറ്റം ഉണ്ടായേക്കാം.
6. ടി തസ്തികയിലേയ്ക്ക് ആവശ്യപ്പെട്ടിരിക്കുന്ന പ്രവൃത്തിപരിചയം അപേക്ഷ പരിഗണിക്കുന്നതിനുള്ള നിബന്ധന മാത്രമാണ്. പുതിയ തസ്തികയിൽ പ്രവേശിച്ചുകഴിഞ്ഞാൽ പ്രസ്തുത പ്രവൃത്തിപരിചയം ടി തസ്തികയുടെ വേതന വർദ്ധനവിനോ മറ്റ് ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല.

ഡയറക്ടർ (എ&എഫ്)
എക്സിക്യൂട്ടീവ് ഡയറക്ടർക്കു വേണ്ടി
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)